15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 78 — 01-02-2023 - ൽ മറുപടിയ്ക്ക്

മലയാളി നാവികരുടെ മോചനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇക്വറ്റോറിയൽ ഗിനിയയിൽ 09.08.2022-ന് സമുദ്രാതിർത്തി ലംഘിച്ചതിന്റെ പേരിൽ അറസ്റ്റിലായ 'എം.റ്റി. ഹീറോയിക് ഇഡുൻ' എന്ന ചരക്കുകപ്പലിലെ മലയാളികളായ നാവികരുടെ മോചനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | **സമുദ്രാതിർത്തി ലംഘിച്ചതിനെ തുടർന്ന് ഇക്വറ്റോറിയൽ ഗിനിയ നാവിക സേന കസ്റ്റഡിയിലെടുത്ത, നോർവേ ആസ്ഥാനമായ 'എംടി ഹീറോയിക് ഇഡുൻ' എന്ന ചരക്ക് കപ്പലിലെ മലയാളികളുടെ മോചനം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിയ്ക്ക് കത്ത് അയച്ചിരുന്നു. തുടർന്ന്, നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 26.11.2022 ന് കേന്ദ്ര വിദേശകാര്യ സെക്രട്ടറിയ്ക്കും നൈജീരിയയിലുള്ള അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർക്കും അർദ്ധ ഔദ്യോഗിക കത്തും അയച്ചിരുന്നു.**<br><br>**ഇതു സംബന്ധിച്ച് 01.12.2022 ൽ നൈജീരിയയിലുള്ള അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറുടെ മറുപടിയും തുടർന്ന് 04.01.2023 ൽ കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയുടെ മറുപടിയും ലഭിച്ചിട്ടുള്ളതാണ്.**<br><br>**കപ്പലിൽ 3 മലയാളികളുൾപ്പെടെ 26ജീവനക്കാരുണ്ടെന്നും എല്ലാവരും സുരക്ഷിതരാണെന്നും 14.11.2022 ന് പ്രസ്തുത കേസ് നൈജീരിയയിലെ Court of the Rivers State (Southern State of Nigeria) ന്റെ പരിഗണനയ്ക്ക് വന്നിട്ടുള്ളതും വിചാരണ തുടരുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നാവികരുടെ മോചനം സാധ്യമാകൂ എന്നും, നാവികരുടെ സുരക്ഷ സംബന്ധിച്ച അന്വേഷണത്തിനായി അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ 28.11.2022 ന് നാവികരെ സന്ദർശിച്ചിട്ടുണ്ടെന്നും അവർ സുരക്ഷിതരാണെന്നും, ടി വിഷയത്തിന്മേൽ സ്വീകരിക്കുന്ന നടപടികൾ ഇന്ത്യൻ ഹൈക്കമ്മീഷണർ പരിശോധിച്ചുവരുന്നതുമാണെന്നും കേന്ദ്ര വിദേശകാര്യ മന്ത്രാലയവും അബുജയിലെ** |

| | | | |
|---|---|---|---|
| | | | **ഇന്ത്യൻ ഹൈക്കമ്മീഷണറും കേരള സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.**<br><br>**എങ്കിലും ഇക്കാര്യം ഇന്ത്യൻ മിഷന്റെ സജീവ പരിഗണനയിൽ കൊണ്ടുവരാൻ സാധ്യമായ ശ്രമങ്ങൾ തുടരുന്നതാണ്.** |
| (ബി) | ഇവരെ എന്നത്തേയ്ക്ക് മോചിപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | **സമുദ്രാതിർത്തി ലംഘിച്ചതിനെ തുടർന്ന് ഇക്വറ്റോറിയൽ ഗിനിയ നാവിക സേന കസ്റ്റഡിയിലെടുത്ത, നോർവേ ആസ്ഥാനമായ 'എംടി ഹീറോയിക് ഇഡുൻ' എന്ന ചരക്ക് കപ്പലിലെ മലയാളികളുടെ മോചനം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിയ്ക്ക് കത്ത് അയച്ചിരുന്നു. തുടർന്ന്, നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 26.11.2022 ന് കേന്ദ്ര വിദേശകാര്യ സെക്രട്ടറിയ്ക്കും നൈജീരിയയിലുള്ള അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർക്കും അർദ്ധ ഔദ്യോഗിക കത്തും അയച്ചിരുന്നു.**<br><br>**ഇതു സംബന്ധിച്ച് 01.12.2022 ൽ നൈജീരിയയിലുള്ള അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറുടെ മറുപടിയും തുടർന്ന് 04.01.2023 ൽ കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയുടെ മറുപടിയും ലഭിച്ചിട്ടുള്ളതാണ്.**<br><br>**കപ്പലിൽ 3 മലയാളികളുൾപ്പെടെ 26ജീവനക്കാരുണ്ടെന്നും എല്ലാവരും സുരക്ഷിതരാണെന്നും 14.11.2022 ന് പ്രസ്തുത കേസ് നൈജീരിയയിലെ Court of the Rivers State (Southern State of Nigeria) ന്റെ പരിഗണനയ്ക്ക് വന്നിട്ടുള്ളതും വിചാരണ തുടരുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നാവികരുടെ മോചനം സാധ്യമാകൂ എന്നും, നാവികരുടെ സുരക്ഷ സംബന്ധിച്ച അന്വേഷണത്തിനായി അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ 28.11.2022 ന് നാവികരെ സന്ദർശിച്ചിട്ടുണ്ടെന്നും അവർ സുരക്ഷിതരാണെന്നും, ടി വിഷയത്തിന്മേൽ സ്വീകരിക്കുന്ന നടപടികൾ ഇന്ത്യൻ ഹൈക്കമ്മീഷണർ പരിശോധിച്ചുവരുന്നതുമാണെന്നും കേന്ദ്ര വിദേശകാര്യ മന്ത്രാലയവും അബുജയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറും കേരള സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.**<br><br>**എങ്കിലും ഇക്കാര്യം ഇന്ത്യൻ മിഷന്റെ സജീവ പരിഗണനയിൽ കൊണ്ടുവരാൻ സാധ്യമായ ശ്രമങ്ങൾ തുടരുന്നതാണ്.** |

സെക്ഷൻ ഓഫീസർ